# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 915 | 20/3/2013 -ൽ മറുപടിക്ക്

## കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ് കമ്പ്യൂട്ടർവൽക്കരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി | ശ്രീ. ഷിബു ബേബിജോൺ (തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി) |
| (എ) കർഷകത്തൊഴിലാളി ക്ഷേമനിധി ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും ഈ സംവിധാനം ബന്ധപ്പെട്ട അംഗങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഇത് സംബന്ധിച്ച് നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസും 14 ജില്ലാ ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്ത മുഴുവൻ അംഗങ്ങളുടെയും വിവരങ്ങളും ക്ഷേമനിധി അംശദായ അടവുവിവരങ്ങളും കമ്പ്യൂട്ടറിൽ എൻട്രി വരുത്തിയിട്ടുണ്ട്. കൂടാതെ ക്ഷേമാനുകൂല്യ അപേക്ഷകൾ പാസാക്കുന്നതിനും കമ്പ്യൂട്ടർ സംവിധാനം ഉപയോഗിച്ചു വരുന്നു. |
| (സി) 2011 ഏപ്രിൽ മാസത്തിനുശേഷം അതിവർഷ ആനുകൂല്യത്തിന് അർഹരായ തൊഴിലാളികൾക്ക് അതിവർഷ ആനുകൂല്യം നൽകിയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ? | (സി) 2011 ഏപ്രിൽ മാസത്തിനുശേഷം അപേക്ഷ സമർപ്പിച്ചിട്ടുള്ള അതിവർഷാനുകൂല്യത്തിന് അർഹരായ തൊഴിലാളികൾക്ക് അതിവർഷ ആനുകൂല്യം നൽകിത്തുടങ്ങിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

JSK/